# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KLM/P8/968/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 13/05/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, കൊല്ലം.
കാര്യാലയ പകർപ്പ്

നമ്പർ: KSA/KLM/P8/968/2020 തീയ്യതി: 13/05/2022

# കൊല്ലം ജില്ലയിലെ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-07-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. കെ. പി. മാത്യൂറോയ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 17-08-2020 | 26-08-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-08-2020 | 26-08-2020 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ബിജി വർഗ്ഗീസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. അനിൽകുമാർ. എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ജമീല ബീവി, ഓഡിറ്റർ
ശ്രീമതി സുനിതാ സെബാസ്റ്റ്യൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മജീദ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. ആർ. അജയകുമർ | സെക്രട്ടറി | 01-04-2019 | 24-09-2019 |
| ശ്രീ. നാസർ. എൻ. എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-09-2019 | 02-10-2019 |
| ശ്രീമതി സലീല. എസ് | സെക്രട്ടറി | 03-10-2019 | 02-11-2019 |
| ശ്രീ. നാസർ. എൻ. എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-11-2019 | 04-11-2019 |
| ശ്രീ. ആർ. അജയകുമർ | സെക്രട്ടറി | 04-11-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജ്യോതി വിദ്യാധരൻ | അസി. എക്സി. എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി സലീല എസ് | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ. രാകേഷ്. എ | എസ്.സി.ഡി.ഒ. | 01-04-2019 | 31-03-2020 |
| ശ്രീമതി ഷെറിൻ മുള്ളർ | കൃഷി അസി. ഡയറക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി ജാക്വലിൻ ജെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി റെമിജ്യസ് വി ഫെർണാണ്ടസ് | സി.ഡി.പി.ഒ, ഓച്ചിറ | 01-04-2019 | 31-03-2020 |
| ശ്രീമതി ഹേമ. പി | സി.ഡി.പി.ഒ. കരുനാഗപ്പള്ളി | 01-04-2019 | 31-03-2020 |
| ശ്രീ. സുനിൽകുമാർ. ഡി (ഇൻ-ചാർജ്) | മെഡിക്കൽ ഓഫീസർ-സി.എച്ച്.സി. | 01-04-2019 | 31-03-2020 |
| ശ്രീ. മനു വിശ്വനാഥ് | വ്യവസായ വികസന ഓഫീസർ | 01-04-2019 | 25-10-2019 |
| ശ്രീമതി. ലത. പി. എൻ | വ്യവസായ വികസന ഓഫീസർ | 26-10-2019 | 31-03-2020 |
| ഡോ. എം. എ. നാസർ | സിനിയർ വെറ്റിനറി സർജൻ | 01-04-2019 | 31-05-2019 |
| ഡോ. എസ്. രാജേഷ് കുമാർ | സിനിയർ വെറ്റിനറി സർജൻ | 01-06-2019 | 26-08-2019 |
| ഡോ. സാബു സേവ്യർ | സിനിയർ വെറ്റിനറി സർജൻ | 27-08-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ. ബാബു. സി | ഫിഷറീസ് സബ്ഇൻസ്പെക്ടർ | 01-04-2019 | 30-06-2019 |
| ശ്രീ. മേരി ദാസൻ | ഫിഷറീസ് സബ്ഇൻസ്പെക്ടർ | 01-07-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Biji Varghese (Audit Officer (HG))<br>Last Updated By: Bini Chandran S (Computer Assistant, On 23-04-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Biji Varghese (Audit Officer (HG))<br>Last Updated By: Bini Chandran S (Computer Assistant, On 07-05-2022) | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Biji Varghese (Audit Officer (HG))<br>Last Updated By: Bini Chandran S (Computer Assistant, On 07-05-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Biji Varghese (Audit Officer (HG))<br>Last Updated By: Bini Chandran S (Computer Assistant, On 23-04-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Biji Varghese (Audit Officer (HG))<br>Last Updated By: Bini Chandran S (Computer Assistant, On 07-05-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Biji Varghese (Audit Officer (HG))<br>Last Updated By: Bini Chandran S (Computer Assistant, On 27-04-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Biji Varghese (Audit Officer (HG))<br>Last Updated By: Bini Chandran S (Computer Assistant, On 23-04-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Biji Varghese (Audit Officer (HG), On 28-04-2022)<br>Last Updated By: Bini Chandran S (Computer Assistant, On 28-04-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Biji Varghese (Audit Officer (HG))<br>Last Updated By: Bini Chandran S (Computer Assistant, On 23-04-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Biji Varghese (Audit Officer (HG))<br>Last Updated By: Bini Chandran S (Computer Assistant, On 23-04-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Biji Varghese (Audit Officer (HG))<br>Last Updated By: Bini Chandran S (Computer Assistant, On 06-05-2022) | 1-10 |
| 12 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് - വാടക യഥാസമയം ഈടാക്കുകയോ തുക ഒടുക്കാൻ കാലതാമസം വരുത്തുന്നവരിൽനിന്ന് ആയതിന്റെ പിഴ ഈടാക്കുകയോ ചെയ്യിട്ടില്ല<br>Written By: Biji Varghese (Audit Officer (HG))<br>Last Updated By: Bini Chandran S (Computer Assistant, On 06-05-2022) | 1-11 |
| 13 | റോഡ്റോളർ വാടക<br>Written By: Biji Varghese (Audit Officer (HG))<br>Last Updated By: Bini Chandran S (Computer Assistant, On 27-04-2022) | 1-12 |
| 14 | തനത് ഫണ്ടിലേയ്ക്കുള്ള തുകകളുടെ ഒടുക്കലുകളും പിൻവലിക്കലുകളും<br>Written By: Biji Varghese (Audit Officer (HG))<br>Last Updated By: Bini Chandran S (Computer Assistant, On 06-05-2022) | 1-13 |
| 15 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Biji Varghese (Audit Officer (HG))<br>Last Updated By: Bini Chandran S (Computer Assistant, On 23-04-2022) | 1-14 |
| 16 | കേരള മെഡിക്കൽ സർവീസസ്സ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല. | 1-15 |

| | | |
|---|---|---|
| | Written By: Biji Varghese (Audit Officer (HG))<br>Last Updated By: Bini Chandran S (Computer Assistant, On 07-05-2022) | |
| 17 | കമ്പ്യൂട്ടർ വാങ്ങൽ - 11844/-രൂപ കെൽട്രോണിന് അധികം നൽകി.<br>Written By: Biji Varghese (Audit Officer (HG))<br>Last Updated By: Bini Chandran S (Computer Assistant, On 10-05-2022) | 1-16 |
| 18 | മാതൃക പ്രദർശന കൃഷിത്തോട്ടം - പദ്ധതിപ്രകാരമുള്ള എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയിട്ടില്ല - 36000/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.<br>Written By: Biji Varghese (Audit Officer (HG))<br>Last Updated By: Bini Chandran S (Computer Assistant, On 09-05-2022) | 1-17 |
| 19 | സെക്രട്ടറി നിക്ഷേപം നടത്തിയ വിവിധ പ്രോജക്ടുകൾക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>Written By: Biji Varghese (Audit Officer (HG))<br>Last Updated By: Bini Chandran S (Computer Assistant, On 10-05-2022) | 1-18 |
| | **ഭാഗം 2** | |
| 1 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്- വാടക കുടിശ്ശിക തുകയും പിഴപ്പലിശയും ഈടാക്കി അറിയിക്കേണ്ടതാണ്<br>Written By: Biji Varghese (Audit Officer (HG))<br>Last Updated By: Bini Chandran S (Computer Assistant, On 07-05-2022) | 2-1 |
| | **ഭാഗം 3** | |
| 1 | മാതൃക പ്രദർശന കൃഷിത്തോട്ടം - പദ്ധതിപ്രകാരമുള്ള എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയിട്ടില്ല - 36000/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.<br>Written By: Biji Varghese (Audit Officer (HG))<br>Last Updated By: Bini Chandran S (Computer Assistant, On 09-05-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Biji Varghese (Audit Officer (HG))<br>Last Updated By: Bini Chandran S (Computer Assistant, On 06-05-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Biji Varghese (Audit Officer (HG))<br>Last Updated By: Bini Chandran S (Computer Assistant, On 06-05-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Biji Varghese (Audit Officer (HG))<br>Last Updated By: Bini Chandran S (Computer Assistant, On 27-04-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Biji Varghese (Audit Officer (HG))<br>Last Updated By: Bini Chandran S (Computer Assistant, On 27-04-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Biji Varghese (Audit Officer (HG))<br>Last Updated By: Bini Chandran S (Computer Assistant, On 27-04-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Biji Varghese (Audit Officer (HG))<br>Last Updated By: Bini Chandran S (Computer Assistant, On 27-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Biji Varghese (Audit Officer (HG))<br>Last Updated By: Bini Chandran S (Computer Assistant, On 27-04-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ട്<br>Written By: Biji Varghese (Audit Officer (HG))<br>Last Updated By: Bini Chandran S (Computer Assistant, On 10-05-2022) | 4-8 |

| | | |
|---|---|---|
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Biji Varghese (Audit Officer (HG))<br>Last Updated By: Bini Chandran S (Computer Assistant, On 27-04-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Biji Varghese (Audit Officer (HG))<br>Last Updated By: Bini Chandran S (Computer Assistant, On 07-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Biji Varghese (Audit Officer (HG))<br>Last Updated By: Bini Chandran S (Computer Assistant, On 10-05-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

22-02-2019 തീയതിയിലെ 1-നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2020 | 18-06-2020 | - | - |

### 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. SBT PYKKA, SBT Sign, ഇൻഡ്യൻ ബാങ്ക് - സാക്ഷരത എന്നീ അക്കൗണ്ടുകളിൽ ക്രയവിക്രയം ഇല്ല. ആയതിനാൽ ഈ അക്കൗണ്ടുകൾ ക്ളോസ് ചെയ്ത് അറിയിക്കേണ്ടതാണ്.

2.സ്റ്റോക്ക് രജിസ്റ്റർ മൂല്യനിർണയം നടത്തി അക്കൗണ്ട് ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ സ്റ്റോക്ക് മൂല്യത്തിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

3. പാർട്ട് ബിൽ തുകയായ 11,92,369/-രൂപ Capital Work In Progress എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. B-11 ഷെഡ്യൂളിലെ (2018-19) Accumulated Depreciation – Buildings, Waterways, Public Lighting, Office & Other Equipments, Other Fixed Asset എന്ന ഹെഡുകളിലെ തുകയും I-17(a) ഡിപ്രിസിയേഷൻ ഹെഡിലെ തുകയും ചേർന്നുള്ള തുകയല്ല തൻവർഷ B-11ഷെഡ്യൂളിലെ പ്രസ്തുത ഹെഡുകകളിലെ തുകകൾ.

5. ഡിപ്പോസിറ്റ് തുകകളുടെ കൃത്യത പരിശോധിക്കാൻ ഡിപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

6. Liability In Respect Of Stale Cheques എന്ന ഹെഡിൽ Uncashed Cheque – 60000/-(ചെക്ക് നം. 218780/6.8.19 ) ഉൾപ്പെടുത്തിയിട്ടില്ല.

7. ഇൻഡ്യൻ ബാങ്ക് IAY District Panchayath എന്ന ഹെഡിൽ ബാലൻസ് തുക 332796/-രൂപയാണ്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെൻറ് പ്രകാരം 392796/-രൂപ. വ്യത്യാസം 60000/-രൂപ

SBI – IAY ADMN എന്ന അക്കൗണ്ടിൽ RP -40(a) പ്രകാരം മുന്നിരിപ്പ് 18369/-. എന്നാൽ 1/4/19 ലെ ബാങ്ക് സ്റ്റേറ്റ്മെൻറ് പ്രകാരം 139462/- രൂപയാണ്.

PNB Nirmal Puraskar അക്കൗണ്ട് -
ഈ മൂന്ന് അക്കൌണ്ടുകളുടെയും റിക്കൺസിലിയേഷൻ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

8. കേന്ദ്ര ഫണ്ടുകൾക്ക് പ്രത്യേകം രജിസ്റ്റർ തയ്യാറാക്കുന്നില്ല. ആയതിനാൽ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,59,71,286/- |
| വരവ് | 4,86,63,535/- |

| | |
|---|---|
| ആകെ | 6,46,34,821/- |
| ചെലവ് | 4,81,95,238/- |
| നീക്കിയിരിപ്പ് | 1,64,39,583/- |
| വരവിനങ്ങളിലുള്ള നഷ്ടം | 57,876/- |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 36,000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,37,68,682/- |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 49073000/- | 49073000/- | 31359670/- | 17713330/- |
| വികസന ഫണ്ട്-എസ്.സി.പി | | 13747000/- | 13747000/- | 5879615/- | 7867385/- |
| വികസന ഫണ്ട്-ടി.എസ്.പി | | 382000/- | 382000/- | 90000/- | 292000/- |
| മെയിന്റനൻസ്, നോൺ-റോഡ് | | 6417000/- | 6417000/- | 4299795/- | 2117205/- |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| സാക്ഷരത | 2086/- | 74/- | 2160/- | 0 | 2160/- |
| കേരളോത്സവം | 0 | 60000/- | 60000/- | 60000/- | - |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| ടി.എസ്.സി | 1932990/- | 66364/- | 1999354/- | 8110/- | 1991244/- |
| എസ്.ബി.ടി.പൈക | 57015/- | 1962/- | 58977/- | 0 | 58977/- |
| നിർമ്മൽ | 92918/- | 4959/- | 97877/- | 0 | 97877/- |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (തുക) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (തുക) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 102 | 98844494/- | 50 | 42508834/- | 4 | 48 | 52% |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

1-7 ക്ഷേമ പദ്ധതികൾ

ഇല്ല

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ്

പരിശോധന 24-08-2020ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2392/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

നിയന്ത്രണ സംവിധാനം ഓഡിറ്റ്, സ്ഥാപനത്തിന്റെ ആഭ്യന്തര പരിശോധനാവേളയിൽ വിലയിരുത്തുകയുണ്ടായി.

1. ബജറ്റ് സംവിധാനത്തിലൂടെ വരവു ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്.
2. അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്. വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ടെങ്കിലും അതാത് ദിവസത്തെ വരവുകൾ കൃത്യമായി ഡേ ബുക്കിൽ എൻട്രി വരുത്തുന്നില്ല.
3. മാന്വൽ രസീത് നൽകുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ പാലിക്കുന്നില്ല.
4. സാംഖ്യ സോഫ്റ്റ് വെയർ മുഖേനയുള്ള കമ്പ്യൂട്ടർ രസീതുകൾ പ്രകാരം വരവുകൾ സ്വീകരിക്കുന്നില്ല, കൈകൊണ്ടെഴുതുന്ന രസീതുകളാണ് കൂടുതൽ ഉപയോഗിക്കുന്നത്.
5. അക്കൗണ്ടുകൾക്ക് പ്രതിമാസ റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നില്ല.
6. സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.
7. റോഡ് റോളറിന്റെ വരവ് രേഖപ്പെടുത്തുന്നതിലും കൃത്യത ഇല്ല.
8. സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം വാങ്ങലുകൾ നടത്തുന്നതിൽ ശ്രദ്ധചെലുത്തുന്നില്ല.
9. മത്സര സ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിക്കുന്നതിൽ വീഴ്ച വരുത്തുന്നു.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ.

1) 2019-20 വർഷം 11 മരാമത്ത് പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഇതിൽ 7 പ്രവൃത്തികൾക്കും എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. പ്രവൃത്തികളുടെ നിർവ്വഹണ സമയത്ത് മിക്കവാറും പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിഷ്കരിക്കേണ്ടതായി വരുന്നതുമൂലം അനാവശ്യ കാലതാമസം ഉണ്ടാകുന്നു. പ്രവൃത്തികളുമായി ബന്ധപ്പെട്ട സ്ഥലം പരിശോധിച്ച് തദനുസൃതമായി എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നുവെങ്കിൽ ഇപ്രകാരം പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിഷ്കരിക്കേണ്ടതായി വരുമായിരുന്നില്ല.

2) തൻവർഷം നടപ്പിലാക്കിയ ഭൂരിഭാഗം പ്രവൃത്തികളും ക്വട്ടേഷൻ നടപടികളിലൂടെയാണ് നടപ്പിലാക്കിയിട്ടുള്ളത്. ഇ-ടെൻഡറിലും റീടെൻഡറിലും മതിയായ ടെൻഡറുകൾ ലഭിക്കാത്തതുമൂലമാണ് ക്വട്ടേഷൻ നടപടികളിലൂടെ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത്. കരാറുകാർക്കിടയിൽ ആരോഗ്യകരമായ മത്സരത്തിന് അവസരമൊരുക്കി ഗുണമേൻമയും ന്യായവും ലാഭകരവുമായ നിരക്കും ഉറപ്പുവരുത്തി പ്രവൃത്തി ഏൽപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടെ വ്യാപകമായി പരസ്യം നൽകി മത്സരാധിഷ്ഠിതമായി നടത്തിയിട്ടുള്ള ടെണ്ടർ നടപടിയിലാണ് പ്രസ്തുത സാഹചര്യം സംജാതമായിട്ടുള്ളത്. ടെണ്ടർ നടപടിയുടെ ഉദ്ദേശ്യശുദ്ധിയ്ക്ക് വിരുദ്ധമായി ഏതാനും കരാറുകാർ ടെൻഡർ നടപടികൾ ഒഴിവാക്കി ക്വട്ടേഷനിലൂടെ പ്രവൃത്തികൾ നേടിയെടുക്കുന്നതായി കാണുന്നു. പ്രാദേശികമായി കരാറുകാർക്കിടയിൽ നിലനിൽക്കുന്ന പരസ്പരധാരണ മൂലം ടെണ്ടർ നടപടിയുടെ മത്സരാധിഷ്ഠിതസ്വഭാവം നഷ്ടപ്പെടുന്നു എന്നാണ് ഇത് തെളിയിക്കുന്നത്. ഇതുമൂലം ടെൻഡർ സേവിംഗ്സിനത്തിലും ടെൻഡർ ഫോം ഇനത്തിലും ബ്ളോക്ക് പഞ്ചായത്തിന് നഷ്ടമുണ്ടാകുന്നു.

സെക്രട്ടറി, ഫിഷറീസ് ഇൻസ്പെക്ടർ എന്നിവർ നിർവ്വഹണം നടത്തിയ എല്ലാ പദ്ധതികളിലും മത്സരസ്വഭാവമുള്ള ടെൻഡർ/ക്വട്ടേഷൻ നടപടികളല്ല സ്വീകരിച്ചിരിക്കുന്നത്. വാങ്ങൽ/പ്രവൃത്തികൾക്കുവേണ്ടി ഒരു സ്ഥാപനം മാത്രം ടെൻഡർ/ക്വട്ടേഷൻ നടപടികളിൽ പങ്കെടുക്കുകയും അവർതന്നെ വാങ്ങൽ/പ്രവൃത്തികൾ ചെയ്യുകയും ചെയ്യുന്ന പ്രവണതയാണ് ബ്ളോക്ക് പഞ്ചായത്തിൽ നിലനിൽക്കുന്നത്. ആയതിലേക്ക് ബ്ളോക്ക് പഞ്ചായത്ത് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26-09-2019 | 2018-19 | 09-10-2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16-04-2016 മുതൽ 22-04-2016 വരെ | 2012-13 മുതൽ 2015-16 വരെ | 22-06-2016 |

## 1-11 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് - വാടക യഥാസമയം ഈടാക്കുകയോ തുക ഒടുക്കാൻ കാലതാമസം വരുത്തുന്നവരിൽനിന്ന് ആയതിന്റെ പിഴ ഈടാക്കുകയോ ചെയ്യിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള തൊടിയൂർ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ആകെയുള്ള 17 കടമുറികളിൽ 14 കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുള്ളതിൽ നിന്നും മുറികളുടെ വാടക യഥാസമയം ഈടാക്കുകയോ തുക ഒടുക്കാൻ കാലതാമസം വരുത്തുന്നവരിൽനിന്ന് ആയതിന്റെ പിഴ ഈടാക്കുകയോ ചെയ്യിട്ടില്ല.

വാടക കരാറിൽ മാസവാടക തുക തൊട്ടടുത്ത മാസത്തിന്റെ അഞ്ചാം തീയതിക്കകം നല്കാത്തവരിൽ നിന്നും പ്രതിവർഷം 18 ശതമാനം നിരക്കിൽ പിഴപ്പലിശ ഈടാക്കുമെന്ന് വ്യക്തമാക്കുന്നുവെങ്കിലും ഈ സാമ്പത്തിക വർഷം കുടിശ്ശികക്കാരിൽ നിന്നും പിഴപ്പലിശ ഈടാക്കിയിട്ടില്ല. വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാടകയ്ക്കെടുത്ത വ്യക്തി | റൂം നമ്പർ | മാസം, മാസവാടക തുക (രൂപ) | ഒടുക്കിയ തീയതി | കുടിശ്ശിക |
|---|---|---|---|---|---|
| 1 | വാസുദേവൻപിള്ള, ജോത്സന, കരുനാഗപ്പള്ളി | 13, 14 | 5/19 മുതൽ 11/19 വരെ, 4726/- | 10/12/19 | - |
| | | | 12/19 മുതൽ ശ്രീമതി. വനജ, ദേവിയ്ക്ക് കൈമാറി | | |
| 2 | ശ്രീമതി.പി.കെ.ഷൈനി, മംഗലംപറമ്പിൽ, ചവറ | 11 | 4/19 മുതൽ 3/20 വരെ, 2363/- | അടവാക്കിയിട്ടില്ല | 28356/- |
| 3 | ശ്രീ.ഷാജഹാൻ, കുരുമ്പോലിൽ, എസ്.വി.എം.പി.ഒ. | 6 | 4/19 മുതൽ 12/19 വരെ, 2352/- | 19/12/19 | - |
| | | | 1/20 മുതൽ 3/20 വരെ, 2352/- | അടവാക്കിയിട്ടില്ല | 4056/- |
| 3 | ശ്രീ.ഷാജഹാൻ, | 7, 10 | 4/19 മുതൽ 12/19 വരെ, | 19/12/19 | - |

| | | | | | |
|---|---|---|---|---|---|
| | കുരുമ്പോലിൽ, എസ്.വി.എം.പി.ഒ. | | 2625/- | | |
| | | | 1/20 മുതൽ 3/20 വരെ, 2625/- | അടവാക്കിയിട്ടില്ല | 7875/- |
| 4 | ശ്രീമതി.വനജ ദേവി, തുണ്ടിൽ പുത്തൻവീട്, മൈനാഗപ്പള്ളി | 14 | 4/19 2363/- | 25/06/19 | |
| | | 14 | 5/19 മുതൽ 11/19 വരെ, 2363/- | 10/12/19 | - |
| | | 14, 12, 13 | 12/19, 2363 X 3 | 25/01/20 | - |
| | | 14, 12, 13 | 1/20 മുതൽ 3/20 വരെ, 2363/- | അടവാക്കിയിട്ടില്ല | 7089/- |
| 5 | ശ്രീ.വിജയൻ, വിളയിൽ തെക്കതിൽ, കല്ലേലി ഭാഗം പി.ഒ., തൊടിയൂർ | 4, 5 | 4/19 മുതൽ 11/19 വരെ, 2625/- | 01/01/20 | - |
| | | | 12/19 മുതൽ 1/20 വരെ, 2625/- | 13/02/20 | - |
| | | | 2/20 മുതൽ 3/20 വരെ, 2625/- | അടവാക്കിയിട്ടില്ല | 5250/- |
| 6 | ശ്രീ.നജ്മുദ്ദീൻ, റോസ്ഹൗസ്, കെ.എസ്.പുരം | 8, 9 | 4/19 മുതൽ 10/19 വരെ, 2625/- | 31/12/19 | - |
| | | | 11/19 മുതൽ 1/20 വരെ, 2625/- | 25/01/20 | - |
| | | | 2/20 മുതൽ 3/20 വരെ, 2625/- | അടവാക്കിയിട്ടില്ല | 5250/- |
| | | | | ആകെ | 57876/- |

സ.ഉ. (സാധാ) നം. 802/20 ത.സ്വ.ഭ.വ., തീയതി 29.04.20 പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക കുടിശ്ശിക, പിഴയും പലിശയും ഒഴിവാക്കി ഒടുക്കുന്നതിന് 05.06.2020 വരെ ഇളവ് നല്കിയിട്ടുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ച വാടകക്കാരിൽ നിന്നും നിലവിലും കുടിശ്ശിക ഈടാക്കിയിട്ടില്ലാത്തതിനാൽ ഇതു സംബന്ധിച്ച് ഉത്തരവുകൾ ഉണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കാനും ശ്രീ.ഷിബുകുമാർ, ശ്രീ.ഉണ്ണികൃഷ്ണൻ എന്ന കുടിശ്ശികക്കാർക്കെതിരെ നിലവിൽ സ്വീകരിച്ച നടപടികളും, 3 കടമുറികൾ വാടകയ്ക്ക് നൽകാത്തതിന് മതിയായ വിശദീകരണവും ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ശ്രീ.ഉണ്ണികൃഷ്ണൻ എന്ന വ്യക്തിക്കെതിരെ ആർ.ആർ.നടപടികൾ സ്വീകരിക്കുകയും നാളിതുവരെ 25176/-രൂപ മൂന്ന് തവണകളായി ഒടുക്ക് വരുത്തിയെന്നും ശ്രീ.ഷിബുകുമാർ എന്ന വ്യക്തിക്കെതിരെ 10/10/18 ലെ 8478-ാം നം.പ്രകാരം ആർ.ആർ.ഇൻഷ്യേറ്റീവ് നടത്തിയിട്ടുണ്ട് എന്നും, അവശേഷിക്കുന്ന മൂന്ന് കടമുറികൾ ശ്രീമതി.ബേബി, പുതുമണ്ണേൽ എന്ന വ്യക്തിക്ക് 18/8/20 ലെ 6-ാം നം.തീരുമാനപ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭിച്ചു. പ്രസ്തുത സാഹചര്യത്തിൽ, ഈടാക്കാനുള്ള കുടിശ്ശിക തുകയായ 57876/-രൂപയും പിഴപ്പലിശയും ഈടാക്കി അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി – 8, 25-08-2020

1-12 റോഡ്റോളർ വാടക

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ്റോളർ വാടകയ്ക്ക് നല്കുന്നതും പ്രതിദിന വാടക തുകയായ 2392/-രൂപ വരവിലെടുത്ത് അക്കൗണ്ടിൽ ഒടുക്കുന്നതും സംബന്ധിച്ച് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. റോഡ്റോളറിന്റെ സഞ്ചാര വിവരങ്ങൾ രേഖപ്പെടുത്തുന്ന ലോഗ് ബുക്കിലെ രേഖപ്പെടുത്തൽ അപൂർണ്ണമാണ്.

2. ഒരേ തീയതിയിൽ പ്രവൃത്തി നടന്ന സ്ഥലം ലോഗ് ബുക്കിലും, ചിട്ടയിലും വ്യത്യസ്തമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ഇവ ഒരേ പ്രവൃത്തികളാണെന്ന് ബോധ്യപ്പെട്ടിട്ടില്ല.

ഉദാ:- 2/12/19 ൽ ലോഗ് ബുക്കിലെ രേഖപ്പെടുത്തൽ പ്രകാരം, മാതൃക ജംഗ്ഷൻ റോഡ് മെറ്റലിംഗ്, ചിട്ടയിലെ രേഖപ്പെടുത്തൽ പ്രകാരം വേലൻചിറ ജംഗ്ഷൻ റോഡ് മെറ്റലിംഗ്

3. എല്ലാ വരവുകളും സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഉദാ:- 19/10/19 മേത്തേരി പാലം ജംഗ്ഷൻ റോഡ് മെറ്റലിംഗ്

4. ലോഗ് ബുക്ക്, ചിട്ട, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവയിൽ വരവുകളുടെ എണ്ണം വ്യത്യസ്തമായി രേഖപ്പെടുത്തിയിരിക്കുന്നു.

| | ലോഗ് ബുക്ക് പ്രകാരം വരവുകളുടെ എണ്ണം | ചിട്ട പ്രകാരം വരവുകളുടെ എണ്ണം | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം വരവുകളുടെ എണ്ണം |
|---|---|---|---|
| 5/19 | 9 | 11 | 11 |
| 6/19 | 2 | 1 | 2 |
| 12/19 | 6 | 6 | 5 |
| 1/20 | 5 | - | 5 |

5. രേഖകളിൽ ആകെ വരവുകളുടെ എണ്ണം വ്യത്യസ്തമായി രേഖപ്പെടുത്തിയിരിക്കുന്നു.

2019-20

ലോഗ് ബുക്ക് പ്രകാരം ആകെ വരവുകളുടെ എണ്ണം - 37

ചിട്ട പ്രകാരം ആകെ വരവുകളുടെ എണ്ണം – 33

ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ വരവുകളുടെ എണ്ണം – 38

മേൽ അപാകതകൾക്ക് എൻക്വയറി നൽകിയതിൽ പൊരുത്തക്കേടുകൾ വിശദമായി പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തി, അടച്ച തുകയുമായി പൊരുത്തപ്പെടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് മറുപടി നൽകാം എന്ന് അറിയിച്ചിട്ടുണ്ട്.
നിലവിലുള്ള നടപടിക്രമങ്ങൾ മൂലം ക്രമക്കേടുകൾ സംഭവിക്കുവാനുള്ള സാധ്യത കൂടുതലായതിനാൽ ടി അപാകതകൾ പരിഹരിക്കേണ്ടതും വിശദാംശങ്ങൾ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം .13/24.8.20

1-13 തനത് ഫണ്ടിലേയ്ക്കുള്ള തുകകളുടെ ഒടുക്കലുകളും പിൻവലിക്കലുകളും

2019-20 സാമ്പത്തിക വർഷങ്ങളിലെ തനത് ഫണ്ടിലേയ്ക്കുള്ള തുകകളുടെ ഒടുക്കലുകൾ അവയിൽ നിന്നുള്ള പിൻവലിക്കലുകൾ സംബന്ധിച്ചുള്ള രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഡേ ബുക്കിന്റെ പകർപ്പെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 (ചട്ടം 57) പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരുപ്പുകൾ ഓരോ മാസത്തിന്റെയും ബാങ്ക് സ്റ്റേറ്റ്മെൻറുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. പൊരുത്തപ്പെടുത്തൽ പത്രിക സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ പ്രതിമാസ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നില്ല. വർഷാവസാനം തയ്യാറാക്കിയിരിക്കുന്ന റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് മാന്വൽ രീതിയിലാണ്.

3. Department Wise Report/ചിട്ടയിൽ വരവ് രേഖപ്പെടുത്തിയിരിക്കുന്നത് ക്രമപ്രകാരമല്ല.

ഉദാ:- 10/05/19 വരെയുള്ള വരവ് രേഖപ്പെടുത്തിയതിന് ശേഷം 12/4/19 ലെ ഇൻറപ്പ്റ്റഡ് രസീത് വരവ് രേഖപ്പെടുത്തിയിരിക്കുന്നു.

4. 2019-20 സാമ്പത്തിക വർഷത്തിലെ ചിട്ടയിൽ 15/11/19 - Sale Of Tender Forms എന്ന ഇനത്തിൽ (രസീത് നം.915994100035) Shifa Pharma യിൽ നിന്നും 560/-രൂപ വരവ് വന്നിട്ടുണ്ട്. ഇത് ബാങ്ക് അക്കൗണ്ടിൽ വരവ് വന്നതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5. 2019-20 ലെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം

1/8/19 ൽ – 14432/- രൂപ

15/11/19 ൽ – 17094/- രൂപ

30/12/19 ൽ – 1000/- രൂപ

വരവുകളുണ്ട്. ഇവ ഏതിനത്തിലുള്ള വരവുകളാണെന്നും ഏത് തീയതിയിൽ സാംഖ്യയിൽ വരവ് എടുത്തിട്ടുണ്ടെന്നുള്ള വിവരം ബോധ്യപ്പെട്ടിട്ടില്ല.

6. 2019-20 ലെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം

17/5/19 ൽ – 320/-രൂപ

7/8/19 ൽ – 60000/-രൂപ

പിൻവലിച്ചിരിക്കുന്നു. എന്നാൽ ബിൽ രജിസ്റ്ററിൽ ഇവ സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല. ചെലവ് വിവരങ്ങൾ സാംഖ്യയിൽ രേഖപ്പെടുത്തിയതും, ഇവ ഏത് ആവശ്യങ്ങൾക്കായി പിൻവലിച്ചുവെന്നതും ബോധ്യപ്പെട്ടിട്ടില്ല.

7. Bidders Money Deposit ഇനത്തിൽ 24260/-രൂപ ( സാംഖ്യാ രസീത് നം. 120040100004, 9/6/2020, ചിട്ട പ്രകാരം)ഗംഗൻ, പനവിള കിഴക്കതിൽ എന്ന വ്യക്തിയിൽ നിന്നും സ്വീകരിച്ചിട്ടുണ്ട്. 12/6/20-ലെ പേയ്മെന്റ് നം.22000017 പ്രകാരം റിവേഴ്സ് ചെയ്തിട്ടുണ്ട്. മേൽ സാംഖ്യാ രസീതിന്റെ കൗണ്ടർ ഫോയിലിൽ സാംഖ്യാ രസീത് നം., തീയതി എന്നിവയുടെ രേഖപ്പെടുത്തലുകൾ ഇല്ല. കൗണ്ടർ ഫോയിലിൽ തുക "തിരികെ നൽകി" എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഒറിജിനൽ രസീത് തിരികെ വാങ്ങുകയോ ക്യാൻസൽ ചെയ്ത് സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ക്യാൻസൽഡ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയതിൽ ടി രസീത് സംബന്ധിച്ച് രേഖപ്പെടുത്തലുകളും ഇല്ല.

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക് ക്രമനം.1,2,3 എന്നിവയ്ക്ക് അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ് എന്ന് മറുപടി ലഭിച്ചു.എന്നാൽ ക്രമ നം.4, 5, 6 പ്രകാരമുള്ളതിന് മറുപടി ലഭിച്ചില്ല. ആയത് ബാങ്ക് ബുക്ക് സഹിതം ബോധ്യപ്പെടുത്തേണ്ടതാണ്. ക്രമ നം.7 ന് കരാറുകാരന് നൽകിയ രസീത് ക്യാൻസൽ ചെയ്ത് വാങ്ങി സൂക്ഷിക്കാൻ കഴിഞ്ഞില്ല എന്ന് മറുപടി ലഭിച്ചു. തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.16/26.8.20

1-14 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ : S006/19-20

പ്രോജക്ടിന്റെ പേര് : അങ്കണവാടി അനുപൂരക പോഷകാഹാരം ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ

ഫണ്ട് : വികസന ഫണ്ട് (ജനറൽ)

അടങ്കൽ : 16,00,000/-രൂപ

ബിൽ നമ്പർ : 02/21-11-19 ;16,00,000/-രൂപ

ശിശുവികസന പ്രോജക്ട് ഓഫീസർ (ഓച്ചിറ) നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ അങ്കണവാടി അനുപൂരക പോഷകാഹാരം ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ എന്ന പ്രോജക്ട് പ്രകാരം കുലശേഖരപുരം, തൊടിയൂർ, ആലപ്പാട് എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് 3,00,000/- രൂപ വീതം ബ്ലോക്ക് വിഹിതം നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. തുടർ നടപടി വിവരം അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് തൊടിയൂർ ഗ്രാമപഞ്ചായത്ത് ഒഴികെ മറ്റ് സ്ഥാപനങ്ങൾ എല്ലാം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി എന്ന് മറുപടി നൽകി. എന്നാൽ കുലശേഖരപുരം ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായതായി പറയുന്ന വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആലപ്പാട് ഗ്രാമപഞ്ചായത്തിന് നൽകിയ 3,00,000/-രൂപയിൽ 2,95,518/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. ശേഷിക്കുന്ന 4,482/- രൂപ ആലപ്പാട് ഗ്രാമപഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. വിനിയോഗ രേഖകളും തുക തിരികെ ഈടാക്കിയതിന്റെ രേഖകളും ഹാജരാക്കുന്നതുവരെ 6,04,482/-(3,00,000+3,00,000+4,482) രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സം - 6,04,482/- രൂപ
ഓഡിറ്റ് എൻക്വയറി നമ്പർ - 10/25.08.20

1-15 കേരള മെഡിക്കൽ സർവീസസ്സ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല.

2019-2020 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രോജക്ടിൽ കേരള മെഡിക്കൽ സർവീസസ്സ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ ഇനിയും ലഭ്യമാകാൻ അവശേഷിക്കുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര്/നം | പ്രൊഫോമ ഇൻവോയിസ് നം, തീയതി | ബിൽ നം/ തീയതി | ഒടുക്കിയ തുക (രൂപ) | ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില(രൂപ) |
|---|---|---|---|---|
| 21/19-20 ഓച്ചിറ സാമൂഹികാരോഗ്യകേന്ദ്രത്തിനും ആലപ്പാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിനും മരുന്ന് വാങ്ങൽ | PRF-1003, 03/09/19 | 10/19-10-19 | 3,00,000/- | 1,46,330/- |
| | PRF-2408, 15/11/19 | 15/18-12-19 | 3,86,091/- | 7,489/- |
| | PRF-3525, | 16/17-01-20 | 3,11,480/- | 75,072/- |

| | | | | |
|---|---|---|---|---|
| | 28/12/19 | | | |
| 21/19-20<br>സാന്ത്വന പരിചരണം | PRF-3528,<br>28/12/19 | 17/17-01-20 | 4,00,000/- | 1,10,891/- |
| | | ആകെ | 13,97,571/- | 3,39,782/- |

മരുന്നുകൾ ലഭിക്കുന്നതിന് സ്വീകരിച്ച തുടർനടപടികൾ അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനുമായി നിരന്തരം ബന്ധപ്പെടുന്നുണ്ടെന്നും ലോക്ഡൗൺ കാരണമാണ് കാലതാമസ്സം നേരിട്ടതെന്നും മറുപടി ലഭ്യമാക്കി. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 11/25.08.20

1-16 കമ്പ്യൂട്ടർ വാങ്ങൽ - 11844/-രൂപ കെൽട്രോണിന് അധികം നൽകി.

പ്രോജക്ട് നമ്പർ- S0039/19

അടങ്കൽ തുക- 1,20,000/-രൂപ (മെയിന്റനൻസ് ഫണ്ട്-റോഡിതരം)

നിർവ്വഹണം- സെക്രട്ടറി

ബിൽ നം/തീ.- 02/19-20, 10.05.2019.

2019-20 വർഷത്തിൽ ബ്ളോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് മൂന്ന് കമ്പ്യൂട്ടർ (Desktop Medium End – Windows 10 Home) Acer India Pvt Limited നിന്ന് കെൽട്രോൺ മുഖാന്തിരം വാങ്ങി. Acer India Pvt Limited-ന്റെ RS No.38/2 Dt.20-12-2019-നമ്പർ ഇൻവോയ്സ് പ്രകാരം മൂന്ന് കമ്പ്യൂട്ടറിന് 18% ജി.എസ്.ടി ഉൾപ്പെടെ 94,833/-രൂപ നൽകുന്നതിന് പകരം 1,06,677/-രൂപ പിൻവലിച്ച് കെൽട്രോണിന് നൽകിയിട്ടുണ്ട്. ഇപ്രകാരം കെൽട്രോണിന് 11,844/-രൂപ അധികം നൽകിയതായി കാണുന്നു. ഇത് ഉൾപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ടതിൽ 31-03-2019 ന് മുമ്പുള്ള കെൽട്രോൺ വിലനിരക്കുപ്രകാരമാണ് 1,06,677/-രൂപ നൽകിയതെന്നും സപ്ലൈ ചെയ്ത സമയത്ത് വിലകുറഞ്ഞത് കാരണമാണ് വ്യത്യാസം വന്നത് എന്ന മറുപടിയുമാണ് ലഭ്യമാക്കിയത്. അധികം നൽകിയ 11,844/-രൂപ കെൽട്രോണിൽ നിന്ന് ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം.2/24.08.20

1-17 മാതൃക പ്രദർശന കൃഷിത്തോട്ടം - പദ്ധതിപ്രകാരമുള്ള എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയിട്ടില്ല - 36000/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

പ്രോജക്ട് നമ്പർ-S0119/20

അടങ്കൽ തുക – 11,49,820/-രൂപ (വികസനഫണ്ട് – ജനറൽ 10,89,820/-രൂപ, ഗുണഭോക്തൃവിഹിതം - 60,000/-രൂപ)

നിർവ്വഹണം – കൃഷി അസിസ്റ്റന്റ് ഡയറക്ടർ

2018-19 വർഷത്തിലെ സ്പിൽഓവർ പദ്ധതിയായ മാതൃക പ്രദർശന കൃഷിത്തോട്ടം പദ്ധതിയനുസരിച്ച് ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിലെ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിലുള്ള 120 വനിത കർഷകർ/ഗ്രൂപ്പുകൾക്ക് 7500/-രൂപയുടെ കിഴങ്ങ്കിറ്റും (ചേന-100kg, കാച്ചിൽ-25kg, ചേമ്പ്-35kg), 2000/-രൂപയുടെ കമ്പോസ്റ്റ് വളവും (ഗുണഭോക്തൃവിഹിതം-500/-രൂപ), നൽകുന്നു. ആയതിൻപ്രകാരം കേരള അഗ്രോ

ഇൻഡസ്ട്രീസ് ലിമിറ്റഡിന് 03-08-19-ലെ 1/19-20 ബിൽപ്രകാരം ഗുണഭോക്തൃവിഹിതം 60,000/-രൂപ കിഴിച്ച് ബാക്കി 10,89,820/-രൂപ (ട്രാൻസ്പോർട്ടേഷൻ ചാർജ് 9,820/-രൂപ ഉൾപ്പെടെ) നൽകി. ടി ആനുകൂല്യം ഗ്രാമപഞ്ചായത്തുകൾ വഴി വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ താഴെപ്പറയുംപ്രകാരമാണ്.

| ഗ്രാമപഞ്ചായത്തുകൾ | ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| കുലശേഖരപുരം | 33 |
| ആലപ്പാട് | 9 |
| തൊടിയൂർ | 37 |
| ഓച്ചിറ | 13 |
| തഴവ | 17 |
| ക്ലാപ്പന | 7 |
| ആകെ | 116 |

മേൽപ്രകാരം ഗ്രാമപഞ്ചായത്തുകൾ നൽകിയ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് അനുസരിച്ച് 116 പേർക്ക് മാത്രമേ ആനുകൂല്യം നൽകിയിട്ടുള്ളൂ. 4 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാതിരുന്നതിന് രേഖാമൂലം വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 4 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാത്തയിനത്തിലുള്ള 36,000/-(7500+1500*4)രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

നിരാകരിച്ച തുക- 36000/-
ഓഡിറ്റ് എൻക്വയറി നം. 17/26.08.2020

1-18 സെക്രട്ടറി നിക്ഷേപം നടത്തിയ വിവിധ പ്രോജക്ടുകൾക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2019-20 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പദ്ധതിപ്രകാരം ചെലവഴിച്ച തുകകളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| ക്രമ.നം. | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക (രൂപ) | ബിൽനം./ തീയതി | വിനിയോഗസാക്ഷ്യപത്രം നൽകേണ്ട സ്ഥാപനം |
|---|---|---|---|---|
| 1 | ലൈഫ് മിഷൻ പദ്ധതി | 27,10,600/- വികസനഫണ്ട്(എസ്.സി) | 20/19-20, 14-8-19 | ഗ്രാമപഞ്ചായത്തുകൾ |
| 2 | ലൈഫ് മിഷൻ പദ്ധതി | 92,53,600/- വികസനഫണ്ട് (ജനറൽ) | 28, 29, 30, 31/19-20 21-08-19 | ഗ്രാമപഞ്ചായത്തുകൾ |
| 3 | ഐ.കെ.എം. | 50,000/- വികസനഫണ്ട് (ജനറൽ) | 12/19-20, 24-6-19 | ഐ.കെ.എം. |
| 4 | ജീവനം - തുക കൈമാറൽ | 10,00,000/- വികസനഫണ്ട് (ജനറൽ) | 11/19-20, 24-6-19 | ജില്ലാ പഞ്ചായത്ത് |
| 5 | വീടിന് വിഹിതം നൽകൽ | 1,50,000/- വികസനഫണ്ട് (ജനറൽ) | 13/19-20, 25-6-19 | ജില്ലാ ആസൂത്രണസമിതി |
| | ആകെ | 1,31,64,200/- | | |

ആയത് ആവശ്യപ്പെട്ടുകൊണ്ട് 24-08-2020-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-4ന് സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ട്, ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കാം എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആയതിനാൽ 1,31,64,200/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക- 1,31,64,200/-

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം] **വരവ്-**

## വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്- വാടക കുടിശ്ശിക തുകയും പിഴപ്പലിശയും ഈടാക്കി അറിയിക്കേണ്ടതാണ്

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള തൊടിയൂർ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ആകെയുള്ള 17 കടമുറികളിൽ 14 കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുള്ളതിൽ നിന്നും മുറികളുടെ വാടക യഥാസമയം ഈടാക്കുകയോ തുക ഒടുക്കാൻ കാലതാമസം വരുത്തുന്നവരിൽനിന്ന് ആയതിന്റെ പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല.

വാടക കരാറിൽ മാസവാടക തുക തൊട്ടടുത്ത മാസത്തിന്റെ അഞ്ചാം തീയതിക്കകം നല്കാത്തവരിൽ നിന്നും പ്രതിവർഷം 18 ശതമാനം നിരക്കിൽ പിഴപ്പലിശ ഈടാക്കുമെന്ന് വ്യക്തമാക്കുന്നുവെങ്കിലും ഈ സാമ്പത്തിക വർഷം കുടിശ്ശികക്കാരിൽ നിന്നും പിഴപ്പലിശ ഈടാക്കിയിട്ടില്ല. വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാടകയ്ക്കെടുത്ത വ്യക്തി | റൂം നമ്പർ | മാസം, മാസവാടക തുക (രൂപ) | ഒടുക്കിയ തീയതി | കുടിശ്ശിക |
|---|---|---|---|---|---|
| 1 | വാസുദേവൻപിള്ള, ജോത്സന, കരുനാഗപ്പള്ളി | 13, 14 | 5/19 മുതൽ 11/19 വരെ, 4726/- | 10/12/19 | - |
| | | | 12/19 മുതൽ ശ്രീമതി. വനജ, | | |

| | | | | | |
|---|---|---|---|---|---|
| | | | ദേവിയ്ക്ക് കൈമാറി | | |
| 2 | ശ്രീമതി.പി.കെ.ഷൈനി, മംഗലംപറമ്പിൽ, ചവറ | 11 | 4/19 മുതൽ 3/20 വരെ, 2363/- | അടവാക്കിയിട്ടില്ല | 28356/- |
| 3 | ശ്രീ.ഷാജഹാൻ, കുരുമ്പോലിൽ, എസ്.വി.എം.പി.ഒ. | 6 | 4/19 മുതൽ 12/19 വരെ, 2352/- | 19/12/19 | - |
| | | | 1/20 മുതൽ 3/20 വരെ, 2352/- | അടവാക്കിയിട്ടില്ല | 4056/- |
| 3 | ശ്രീ.ഷാജഹാൻ, കുരുമ്പോലിൽ, എസ്.വി.എം.പി.ഒ. | 7, 10 | 4/19 മുതൽ 12/19 വരെ, 2625/- | 19/12/19 | - |
| | | | 1/20 മുതൽ 3/20 വരെ, 2625/- | അടവാക്കിയിട്ടില്ല | 7875/- |
| 4 | ശ്രീമതി.വനജ ദേവി, ഉണ്ടിൽ പുത്തൻവീട്, മൈനാഗപ്പള്ളി | 14 | 4/19 2363/- | 25/06/19 | |
| | | 14 | 5/19 മുതൽ 11/19 വരെ, 2363/- | 10/12/19 | - |
| | | 14, 12, 13 | 12/19, 2363 X 3 | 25/01/20 | - |
| | | 14, 12, 13 | 1/20 മുതൽ 3/20 വരെ, 2363/- | അടവാക്കിയിട്ടില്ല | 7089/- |
| 5 | ശ്രീ.വിജയൻ, വിളയിൽ തെക്കതിൽ, കല്ലേലി ഭാഗം പി.ഒ., തൊടിയൂർ | 4, 5 | 4/19 മുതൽ 11/19 വരെ, 2625/- | 01/01/20 | - |
| | | | 12/19 മുതൽ 1/20 വരെ, 2625/- | 13/02/20 | - |
| | | | 2/20 മുതൽ 3/20 വരെ, 2625/- | അടവാക്കിയിട്ടില്ല | 5250/- |
| 6 | ശ്രീ.നജ്മുദ്ദീൻ, റോസ്ഹൗസ്, കെ.എസ്.പുരം | 8, 9 | 4/19 മുതൽ 10/19 വരെ, 2625/- | 31/12/19 | - |
| | | | 11/19 മുതൽ 1/20 വരെ, 2625/- | 25/01/20 | - |
| | | | 2/20 മുതൽ 3/20 വരെ, 2625/- | അടവാക്കിയിട്ടില്ല | 5250/- |
| | | | | ആകെ | 57876/- |

സ.ഉ. (സാധാ) നം. 802/20 ത.സ്വ.ഭ.വ., തീയതി 29.04.20 പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക കുടിശ്ശിക, പിഴയും പലിശയും ഒഴിവാക്കി ഒടുക്കുന്നതിന് 05.06.2020 വരെ ഇളവ് നല്കിയിട്ടുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ച വാടകക്കാരിൽ നിന്നും നിലവിലും കുടിശ്ശിക ഈടാക്കിയിട്ടില്ലാത്തതിനാൽ ഇതു സംബന്ധിച്ച് ഉത്തരവുകൾ ഉണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കാനും ശ്രീ.ഷിബുകുമാർ, ശ്രീ.ഉണ്ണികൃഷ്ണൻ എന്ന കുടിശ്ശികക്കാർക്കെതിരെ നിലവിൽ സ്വീകരിച്ച നടപടികളും, 3 കടമുറികൾ വാടകയ്ക്ക് നൽകാത്തതിന് മതിയായ വിശദീകരണവും ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ശ്രീ.ഉണ്ണികൃഷ്ണൻ എന്ന

വ്യക്തിക്കെതിരെ ആർ.ആർ.നടപടികൾ സ്വീകരിക്കുകയും നാളിതുവരെ 25176/-രൂപ മൂന്ന് തവണകളായി ഒടുക്ക് വരുത്തിയെന്നും ശ്രീ.ഷിബുകുമാർ എന്ന വ്യക്തിക്കെതിരെ 10/10/18 ലെ 8478-ാം നം.പ്രകാരം ആർ.ആർ.ഇൻഷ്യേറ്റീവ് നടത്തിയിട്ടുണ്ട് എന്നും, അവശേഷിക്കുന്ന മൂന്ന് കടമുറികൾ ശ്രീമതി.ബേബി, പുതുമണ്ണേൽ എന്ന വ്യക്തിക്ക് 18/8/20 ലെ 6-ാം നം.തീരുമാനപ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭിച്ചു. പ്രസ്തുത സാഹചര്യത്തിൽ ഈടാക്കാനുള്ള കുടിശ്ശിക തുകയായ 57876/-രൂപയും പിഴപ്പലിശയും ഈടാക്കി അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി – 8, 25-08-2020

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മാതൃക പ്രദർശന കൃഷിത്തോട്ടം - പദ്ധതിപ്രകാരമുള്ള എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയിട്ടില്ല - 36000/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

പ്രോജക്റ്റ് നമ്പർ-SO119/20

അടങ്കൽ തുക – 11,49,820/-രൂപ (വികസനഫണ്ട് – ജനറൽ 10,89,820/-, ഗുണഭോക്തൃവിഹിതം - 60,000/-)

നിർവ്വഹണം – കൃഷി അസിസ്റ്റന്റ് ഡയറക്ടർ

2018-19 വർഷത്തിലെ സ്പിൽഓവർ പദ്ധതിയായ മാതൃക പ്രദർശന കൃഷിത്തോട്ടം പദ്ധതിയനുസരിച്ച് ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിലെ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിലുള്ള 120 വനിത കർഷകർ/ഗ്രൂപ്പുകൾക്ക് 7500/-രൂപയുടെ കിഴങ്ങ്കിറ്റും (ചേന-100kg, കാച്ചിൽ-25kg, ചേമ്പ്-35kg), 2000/-രൂപയുടെ കമ്പോസ്റ്റ് വളവും (ഗുണഭോക്തൃവിഹിതം-500/-രൂപ), നൽകുന്നു. ആയതിൻപ്രകാരം കേരള അഗ്രോ ഇൻഡസ്ട്രീസ് ലിമിറ്റഡിന് 03-08-19-ലെ 1/19-20 ബിൽപ്രകാരം ഗുണഭോക്തൃവിഹിതം 60,000/-രൂപ കിഴിച്ച് ബാക്കി 10,89,820/-രൂപ (ഗ്രാന്റ് പോർട്ടേഷൻ ചാർജ് 9,820/-രൂപ ഉൾപ്പെടെ) നൽകി. ടി ആനുകൂല്യം ഗ്രാമപഞ്ചായത്തുകൾ വഴി വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ താഴെപ്പറയുംപ്രകാരമാണ്.

| ഗ്രാമപഞ്ചായത്തുകൾ | ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| കുലശേഖരപുരം | 33 |
| ആലപ്പാട് | 9 |
| തൊടിയൂർ | 37 |
| ഓച്ചിറ | 13 |
| തഴവ | 17 |
| ക്ലാപ്പന | 7 |
| ആകെ | 116 |

മേൽപ്രകാരം ഗ്രാമപഞ്ചായത്തുകൾ നൽകിയ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് അനുസരിച്ച് 116 പേർക്ക് മാത്രമേ ആനുകൂല്യം നൽകിയിട്ടുള്ളൂ. 4 ഗുണഭോക്താക്കൾക്ക് ആനുകൂല്യം

നൽകാതിരുന്നതിന് രേഖാമൂലം വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 4 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാത്തയിനത്തിലുള്ള 36,000/-(7500+1500*4)രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

നിരാകരിച്ച തുക- 36000/-

ഓഡിറ്റ് എൻക്വയറി നം. 17/26.08.2020

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 22-08-2020 | കെ.എസ്.എ.കെ.എൽ.എം.പി.8/968/2020 തീയതി. 20.04.2022 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക(രൂപ) | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 2,94,384/- | ലൈഫ് ഭവന പദ്ധതി | 10,29,866/- | 55,15,164/- |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

### 4-6 സ്ഥിരനിക്ഷേപം

ഇല്ല

### 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-8 സമാഹൃത റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 2012-13 & 2013-14 | 3(9) | 2014-15 | 4-1 | നിഷ്ക്രിയ ആസ്തികൾ (2008-09) 3,75,000/-രൂപ ചെലവിട്ട് വാങ്ങിയ മെതിയന്ത്രങ്ങൾ ഉപയോഗിക്കാതെ ജീർണ്ണാവസ്ഥയിൽ | 13/12/2017ൽ നിയമസഭാ സമിതിയുടെ തെളിവെടുപ്പ് പൂർത്തിയായി |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 36000/- | ശ്രീമതി.ഷെറിൻ മുള്ളർ, അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 6,04,482/- | ശ്രീമതി.റെമിജിയസ്.വി.ഫെർണാണ്ടസ്, സി.ഡി.പി.ഒ |
| 1-18 | 1,31,64,200/- | ശ്രീ.ആർ.അജയകുമാർ, സെക്രട്ടറി |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ആർ.അജയകുമാർ, സെക്രട്ടറി | സെക്രട്ടറി, ഓച്ചിറ ബ്ളോക്ക് പഞ്ചായത്ത് | ലക്ഷ്മിനിവാസ്, വടക്കുംതല, കൊല്ലക.പി.ഒ, കൊല്ലം |
| ശ്രീ.നാസ്സർ.എൻ.എ, സെക്രട്ടറി-ഇൻ-ചാർജ്ജ് | ലഭ്യമല്ല | ക്വാർട്ടേഴ്സ് നം.41/491, മേലാറന്നൂർ, കരമന.പി.ഒ-695002 |

| | | |
|---|---|---|
| ശ്രീമതി.സലീല.എസ്, സെക്രട്ടറി | ലഭ്യമല്ല | ചിറയിൽഹൌസ്, കടക്കരപ്പള്ളിൽ, ചേർത്തല |
| ശ്രീമതി.ഷെറിൻ മുള്ളർ, അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ ഓച്ചിറ ബ്ളോക്ക് പഞ്ചായത്ത് | നെക്സ്റ്റ്, നീണ്ടകര.പി.ഒ, കൊല്ലം |
| ശ്രീമതി.റെമിജിയസ്.വി.ഫെർണാണ്ടസ്, സി.ഡി.പി.ഒ | സി.ഡി.പി.ഒ ഓച്ചിറ ബ്ളോക്ക് പഞ്ചായത്ത് | ജോൺസി ഡെയിൽ, കച്ചേരി പി.ഒ, കൊല്ലം-13- 691013 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 1998-1999 | എൽ.എഫ്.ക്യു.ഡി.ബി-1522(11)/2014, തീയതി 30.06.2014 | 3 |
| 2007-2008 | എൽ.എഫ്.ക്യു.ഡി.ബി-1522(4)/2014, തീയതി 05.07.2014 | 1 |
| 2008-2009 | എൽ.എഫ്.ക്യു.ഡി.ബി-1522(3)/2014, തീയതി 30.06.2014 | 2 |
| 2009-2010 | എൽ.എഫ്.ക്യു.ഡി.ബി-1522(2)/2014, തീയതി 30.06.2014 | 1 |
| 2010-2011 | എൽ.എഫ്.ക്യു.ഡി.ബി-1522(1)/2014, തീയതി 30.06.2014 | 3 |
| 2011-2012 | എൽ.എഫ്.ക്യു.ഡി.ബി-947/2014, തീയതി 03.07.2014 | 3 |
| 2012-2013 & 2013-2014 | കെ.എസ്.എ.കെ.എൽ.എം.പി8/423(6)/20 തീയതി 3.07.2020 | 7 |
| 2014-2015 & 2015-2016 | കെ.എസ്.എ.കെ.എൽ.എം.പി8/423(7)/20 തീയതി 3.07.2020 | 11 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി8/423(8)/20 തീയതി 3.07.2020 | 7 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി8/11/20 തീയതി 19.06.2020 | 6 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി8/968/20 തീയതി. 11/11/2020 | 10 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്